പ്രതിമാസം 8.36 കോടി രൂപയുടെയും വരുമാനം സംരക്ഷിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇത് അധിക നികുതി വരുമാനമല്ല. മുമ്പ് കിട്ടിക്കൊണ്ടിരുന്ന നികുതി നിലനിർത്താനുള്ള നടപടിയാണ്.

പട്ടികജാതി-പട്ടികവർഗ്ഗ മേഖലയിൽ പദ്ധതി അടങ്കൽ തുക

178 (518) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ദേവസ്വംനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 വർഷത്തെ വാർഷിക പദ്ധതി അടങ്കൽ തുക എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) 2014 ഒക്ടോബർ 31 വരെ പദ്ധതികൾക്കായി അനുവദിച്ച തുക എത്രയാണെന്നും അതിൽ എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ ;

(സി) പട്ടികജാതി-പട്ടികവർഗ്ഗ മേഖലയിൽ ഈ സാമ്പത്തിക വർഷത്തെ പദ്ധതിതുക എത്രയാണെന്നും അതിൽ അനുവദിച്ച തുക എത്രയാണെന്നും ഇതേവരെ ചെലവഴിച്ച തുക വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2014-15 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള വാർഷിക പദ്ധതി അടങ്കൽ തുക 20000 കോടി രൂപയാണ്.

(ബി) 2014 ഒക്ടോബർ 31 വരെയുള്ള താൽക്കാലിക കണക്കനുസരിച്ച് 5424.22 കോടി രൂപ (27%) ചെലവഴിച്ചിട്ടുണ്ട്.

(സി) പട്ടികജാതി-പട്ടികവർഗ്ഗ മേഖലയിൽ ഈ സാമ്പത്തിക വർഷം പദ്ധതിയിനത്തിൽ വകയിരുത്തിയതും ചെലവഴിച്ചതുമായ തുക ചുവടെ ചേർക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

(തുക കോടിയിൽ)	വകയിരുത്തിയത്	ചെലവഴിച്ചത്
പട്ടികജാതി	1004.45	215.91
പട്ടികവർഗ്ഗം	473.29	77.91

മെഡിക്കൽ സെസ് ഇനത്തിലെ തുക

179 (519) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർദ്ധനരായ രോഗികൾക്ക് സൗജന്യ മരുന്ന് വിതരണത്തിനായി ഏർപ്പെടുത്തിയ മദ്യ സെസ്സ് ഇനത്തിൽ നാളിതുവരെ ലഭിച്ച മൊത്തം തുക എത്ര ;

(ബി) ബിവറേജസ് കോർപ്പറേഷൻ മെഡിക്കൽ സെസ് ഇനത്തിൽ പിരിച്ചെടുത്ത് സർക്കാർ ഖജനാവിലേക്ക് ഒടുക്കിയ തുകയിൽനിന്നും നാളിതുവരെ പ്രസ്തുത ആവശ്യത്തിലേക്ക് ചെലവഴിച്ച തുക എത്രയെന്നറിയിക്കുമോ ?

ഉത്തരം

(എ) മെഡിക്കൽ സെസ്സ് ഇനത്തിൽ നാളിതുവരെ 98.25 കോടി രൂപ ശേഖരിച്ചിട്ടുണ്ട്.

(ബി) 2014-15 സാമ്പത്തിക വർഷം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 30 കോടി രൂപ മെഡിക്കൽ സെസ്സ് ഇനത്തിൽ അനുവദിച്ച് നൽകിയിട്ടുണ്ട്.

സ്റ്റാമ്പ് ഡ്യൂട്ടി

180 (520) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly